**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1931** | **20-06-2024 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ മാന്നൂർ മിനി സ്റ്റേഡിയം, കീഴല്ലൂർ പഞ്ചായത്ത് ഗ്രൗണ്ട്, മാലൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ സ്റ്റേഡിയം, പടിയൂർ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ സ്റ്റേഡിയം, ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ സ്റ്റേഡിയം എന്നിവയുടെ നവീകരണത്തിനുവേണ്ടി കായിക വകുപ്പ് അനുവദിച്ചിട്ടുള്ള പതിനഞ്ച് ലക്ഷം രൂപയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | വിവിധ വിദ്യാലയങ്ങളുടേയും പഞ്ചായത്തുകളുടേയും കളിസ്ഥല നവീകരണത്തിനായി, മട്ടന്നൂർ മണ്ഡലത്തിലെ മാലൂർ മിനി സ്റ്റേഡിയം (15 ലക്ഷം), കീഴല്ലൂർ പഞ്ചായത്ത് ഗ്രൗണ്ട് (15 ലക്ഷം), മാലൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം (15 ലക്ഷം), പടിയൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം (15 ലക്ഷം), ചിറ്റാരിപ്പറമ്പ് ഗവൺമെൻറ് ഹയർസെക്കന്ററി സ്കൂൾ സ്റ്റേഡിയം (15 ലക്ഷം) ഉൾപ്പെടെ 19 പ്രവൃത്തികൾക്ക് 18.01.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 7/2022/ കാ.യു.വ പ്രകാരം 2.65 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത കളിസ്ഥലങ്ങളിൽ 7 കളിസ്ഥലങ്ങളുടെ പ്രവൃത്തി മാത്രമാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കുന്നത്.അതിൽ മട്ടന്നൂർ മണ്ഡലത്തിൽ മാലൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളും, ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br><br>**<u>മാലൂർ ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം</u>**<br><br>പ്രസ്തുത പ്രവൃത്തിക്കായി 07.12.2023 ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 14.08 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 16.12.2023, 13.02.2024 എന്നീ തീയ്യതികളിൽ ദർഘാസ് ക്ഷണിക്കുകയും അതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനായ ശ്രീ. മുഹമ്മദ് ഷമീർ, കണ്ണൂർ (11.92 ലക്ഷം) എന്ന കരാറുകാരന് 05.03.2024 ൽ വർക്ക് ഓർഡർ നൽകുകയും പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ സ്റ്റേഡിയം</u>**<br><br>പ്രസ്തുത പ്രവൃത്തിക്കായി 11.01.2024 ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 12.65 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിയിൽ ജിം ഉപകരണങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 13.01.2024, 12.02.2024 എന്നീ തീയ്യതികളിൽ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി ദർഘാസ് ക്ഷണിക്കുകയും കരാർ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ സാങ്കേതിക വിലയിരുത്തൽ നടന്നു വരികയാണ്. ഉടൻ തന്നെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | മട്ടന്നൂർ മണ്ഡലത്തിലെ എത്ര കളിസ്ഥലങ്ങൾക്ക് നിലവിൽ തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | മട്ടന്നൂർ മണ്ഡലത്തിൽ നിലവിൽ 4 കളിസ്ഥലങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളത് . ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. മാലൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം (15 ലക്ഷം)<br><br>2. ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ സ്റ്റേഡിയം (15 ലക്ഷം)<br><br>3. മട്ടന്നൂർ സിന്തറ്റിക്ക് ഫുട്ബോൾ സ്റ്റേഡിയം (കിഫ്ബി പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചു)<br><br>4. മട്ടന്നൂർ അക്വാട്ടിക് കോംപ്ലക്സ് (കിഫ്ബി പദ്ധതി) (15 കോടി) |

സെക്ഷൻ ഓഫീസർ